File No.TCPCTP/412/2022-D3

GOVERNMENT OF KERALA

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം-സാങ്കേതികവിഭാഗം-കണ്ണൂർ ജില്ല- കുത്തുപറമ്പ് നഗരസഭ - കുത്തുപറമ്പ് വില്ലേജ് - ബസ്സ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കുത്തുപറമ്പ് നഗരസഭാസെക്രട്ടറിയുടെ 01/01/2022-ലെ ഇ 2-7377/16 നമ്പർ കത്ത്.
2. കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 08/02/2022 -ലെ TCPKNR/836/2020-C നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നം. TCPCTP/412/2022-D3 തീയതി:12/04/2022

---

കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് നഗരസഭ പരിധിയിലുള്ള കുത്തുപറമ്പ് വില്ലേജിൽ സർവ്വേ നമ്പർ 84/11, 85/6, 85/7, 85/2, 85/3A, 85/8, 86/4, 86/6, 86/8, 86/10, 86/13, 86/16, 89/3 എന്നിവയിൽ ഉൾപ്പെട്ട 42908 ച.മി. വിസ്തീർണ്ണമുള്ള നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് കുത്തുപറമ്പ് ബസ്സ്റ്റാന്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം ലഭിക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ കുത്തുപറമ്പ് നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മാത്രമേ സെക്രട്ടറി നിർമ്മണാനുമതി/ ഒക്കുപൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി .ആർ 2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ വിസ്തൃതി, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണവകാശം എന്നിവയും, നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ലായെന്നും, രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ

GOVERNMENT OF KERALA 2017-18

മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. കെ.എം.ബി.ആർ 2019 ചട്ടം 76(1),(2),(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, മഴ വെള്ള സംഭരണി , urban forestry എന്നിവ പ്ലോട്ടിൽ ഏർപ്പെടുത്തേണ്ടതാണ്.
5. കെ.എം.ബി.ആർ 2019 ചട്ടം 42(1),(2),(3),(4) പ്രകാരം കെട്ടിടങ്ങളിൽ വിഭാവനം ചെയ്ത ഭിന്നശേഷിക്കാർക്കുള്ള റാമ്പ് , ലിഫ്റ്റ്, ടോയ് ലെറ്റ് എന്നിവ ഉണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
6. നിർമ്മാണം 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങൾക്ക് വിധേയമായിരിക്കണം.
7. പ്ലോട്ടിൽ കൂടിയുള്ള സ്വാഭാവിക നീർച്ചാലുകൾ തടസപ്പെടുത്തുവാൻ പാടുള്ളതല്ല.
8. മെക്കാനിക്കൽ പാർക്കിംഗ് സ്ട്രക്ചറിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റിയും പ്രവർത്തനവും സെക്രട്ടറി ഉറപ്പാക്കണം.
9. കെട്ടിടങ്ങളിൽ ചില്ലുവാതിലുകളും മറ്റും വിഭാവനം ചെയ്തിട്ടുള്ളതിനാൽ 25/09/2020 തീയതിയിലെ RA1/276/2020/LSGD നമ്പർ സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
10. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ N.O.C നേടിയിരിക്കണം.
11. മാലിന്യ സംസ്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
12. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള റോഡ് വീതിയും connectivity യും ഉറപ്പാക്കിയേ ബസ് സ്റ്റാന്റ് നിർമ്മാണം ആരംഭിക്കാവൂ.
13. ടെർമിനൽ-I ൽ നൽകിയിരിക്കുന്ന ബസ് പാർക്കിംഗ് 10 മീ. വീതിയുള്ള ബസ് ഡ്രൈവ്വേയിലേക്ക് കയറി നിൽക്കുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ് കൂടാതെ ഇവിടെ പാർക്ക് ചെയ്തിരിക്കുന്ന ബസ് ആളുകളെ കയറ്റി തിരികെ പോകുമ്പോൾ ബസ് ഡ്രൈവ് വേ തടസ്സപ്പെടുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ് .
14. ബസ് ടെർമിനലുകളിൽ പാർക്ക് ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് നിന്നും മാറി ബസ് ഡ്രൈവ് വേ നൽകേണ്ടതും ബസ് ഡ്രൈവേ പ്രത്യേകം മാർക്ക് ചെയ്യേണ്ടതുമാണ്.
15. കാൽനട യാത്രക്കാർക്കുള്ള Footpath ലേഔട്ട് പ്ലാനിൽ വ്യക്തമാക്കിയിട്ടില്ല. കാൽനട യാത്രക്കാർക്ക Footpath നൽകേണ്ടതും ആയത് വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.
16. ബസ് സ്റ്റാന്റിലേക്കുള്ള പ്രവേശനവും കമ്മേർഷ്യൽ ഏരിയയിലേക്കുള്ള

GOVERNMENT OF KERALA 2017-18

പ്രവേശനവും മേറിട്ട് നിൽക്കേണ്ടതാണ്.

17. പ്ലോട്ടിനകത്ത് നൽകുന്ന internal റോഡുകളിൽ നിന്നും കെട്ടിടത്തിലേക്ക് ആവശ്യമായ setback ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

18. പൊതു ഗതാഗതം തടസ്സപ്പെടാത്ത വിധത്തിൽ ബസ് സ്റ്റാന്റിലേക്കുള്ള വാഹന ഗതാഗതം ക്രമീകരിക്കേണ്ടതാണ്.

***ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.***

**.അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ.03/2022 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

**രാജീവൻ പിട്ടൻ,**
**ടൗൺ പ്ലാനർ**
**(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
തളിപ്പറമ്പ് നഗരസഭ, തളിപ്പറമ്പ്.- 670643

പകർപ്പ്:-

1. ടൗൺ പ്ലാനർ, കണ്ണൂർ,
2. വെബ് സൈറ്റ്
3. കരുതൽ ഫയൽ
4. അധികം

GOVERNMENT OF KERALA 2017-18